# GAZETTE DATE : 30.09.2026
# LAST DATE : 04.11.2026

## GENERAL RECRUITMENT – DISTRICT WISE

### CATEGORY NO. 153/2026

Applications are invited online only from qualified candidates for selection to the under mentioned post in the Kerala Government Service. Applications shall be submitted through the Official website of Kerala Public Service Commission (www.keralpsc.gov.in) after ONE TIME REGISTRATION. Candidates who have already registered can apply through their profile. Candidates who have aadhaar should add the same as ID proof in their profile.

### Part I-Direct Recruitment

1. **Department** : **Forest & Wildlife**
2. **Name of Post** : **Forest Boat Driver**
3. **Scale of Pay** : **₹ 26,500 - 60700/-**
4. **No. of Vacancies** : **Districtwise**

| District | No. of vacancy |
|---|---|
| Thrissur | 2 |
| Kozhikkode | 1 |

*Note*:

*(i)* *Women candidates and Differently Abled candidates are not eligible to apply for the post.*

*(ii)* *The name age limit and qualifications of this post has been prescribed as per the GO (P) No.84/2014/F&WLD dated 20.09.2014 (SRO No 574/2014) and GO (P) No.2/2016/F&WLD dated 17.02.2016 (SRO No 199/2016) and G.O(MS)No.08/2026/P&ARD dtd 27.02.2026.*

*(iii)* *The above vacancies are now in existence. Separate Ranked List for each district will be published. The above vacancies are now in existence. The Ranked List of selected candidates published by the Commission shall remain in force for minimum period of one year and maximum period of three years provided that the said list will not continue to be in force if a new list after the expiry of the minimum period of One year is published. Candidates will be advised from the said list against the vacancies that may be reported to the Commission in writing during the period of currency of the Ranked List.*

*(iv)* *Candidates are prohibited from applying to more than one district in response to this notification. The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O (Ms) No. 154/71/PD dated 27.05.1971. A candidate advised for appointment in one Revenue District from the Ranked List prepared is not eligible for transfer to another district unless he completes 5 years continuous service from the date of commencement of service in the former district. Even if transfer is allowed after five years, it will be subject to the rules in G.O(Ms) No.4/61/PD dated 02.01.1961. Candidates already in Government service holding the same post in any one district are prohibited from applying again for this post but they can apply to higher posts when notified.*

*(v)* *Candidates having 'A', 'B' & 'C' certificate of NCC will be given weightage marks at the rate of 2%, 3% and 5% respectively, vide G.O(Ms)No.112/2007/HEdn. Dated 21.08.2007.*

*(vi)* *Student Police Cadet (SPC) Certificate holders will be given weightage marks as per G.O.(MS) No.06/2025/P&RD dated 01.03.2025.*

*(vii)* *Extra marks will be awarded to meritorious sports persons as per para 6 of the general conditions.*

**5. Method of Appointment : Direct Recruitment (District Wise)**

*Note:- Quota reserved for the Direct Recruitment shall be 70% and that of by transfer recruitment shall be 30%. Candidates will be selected according to the percentage of allotment.*

**6. Age limt** : **25–40;** Candidates born between 02.01.1986 and 01.01.2001 (both dates included) only are eligible to apply for this post.

*Note:*

i) *Other Backward Communities and SC/ST candidates are eligible for age relaxations as per the conditions mentioned in para 2 (i) of the Part II General Conditions of this notification*

ii) *For other conditions regarding age relaxation, please see para-(2) of the General Conditions under Part II of this Gazette Notification. (Subject to the conditions that the maximum age limit shall in no case exceed 50 years).*

**7. Qualifications**

(a) SSLC or its equivalent examination recognized by Government of India or Government of Kerala.

Note: (i) Rule 10(a)(ii) of Part II KS & SSR is applicable.

(ii) In addition to the qualification specified in the Notification, the qualification declared by Government through executive orders or standing orders, as equivalent to the prescribed educational qualification and the higher qualifications of the notified and prescribed basic qualifications shall be accepted. The Government Order regarding the equivalent qualification/higher qualification shall be produced as and when called for by the Commission.

(b) All candidates must have a valid motor boat driving license issued by competent authority to drive motor boat and must have experience for not less than three years as Boat Driver.

*Note:*

*(i)* *The motor boat driving license, must remain valid through all the stages of selection process (as on the last date for receipt of application, OMR Test, Physical Efficiency Test, Swimming Test and Practical Test etc)*

*(ii)* *Experience Certificate to prove 3 years experience as Boat Driver should be in the form shown below.*

(c) All candidates must have basic knowledge in motor boat engine mechanism and the ability to carry out minor repairs.

*Note: The proficiency as Boat driver and knowledge in motor boat engine mechanism and the ability to carry out minor repairs will be ascertained by a practical test conducted by KPSC.*

(d) All candidates must be able to swim.

*Note: Ability to swim shall be ascertained by a swimming test conducted by PSC. The following are the criteria for the swimming test.*

*(i) 50m swimming trial to be completed within two minutes and*

*10. Two minutes floating ability at the deeper sides of the swimming pool*

*Candidate must qualify both the events to be considered as qualified in the swimming test.*

# EXPERIENCE CERTIFICATE

| | | |
|---|---|---|
| Name of the Firm (Company/Corporation/Government Department/Co-op Institution etc.) | : | |
| Register Number (SSI Registration or any other Registration Number and Date of Registration) | : | |
| Date of Registration | : | |
| Authority issued Registration | : | |

## CERTIFICATE OF EXPERIENCE

This is to certify that Sri……………………………………………………………...…… ………………………………………………………………………………………………. (Name and address of the Candidate) has worked/has been working in this institution as Boat Driver as casual labourer/ paid/unpaid apprentice/regular worker/temporary worker or any other capacity holding or held in the institution [Strike off whichever is not applicable] on Rs…………………………… per day/per mensum for the period of ……….......…. years ……………..... months……………………. days from…/……/…. To …/……/…. (From and to details are to be entered in DD/MM/YYYY format).

| | | |
|---|---|---|
| **Place** | **Signature with date** | |
| **Date:** | **Name** | |
| | **Designation of the Issuing Authority with name of the Institution** | |

(Office Seal)

## CERTIFICATE

Certified that Sri…………………………………………………….. mentioned in the above experience certificate has actually worked/is working as……………….............. (Specify nature of employment) in the above institution during the period mentioned therein as per the entry in the ….............Register(Name of the Register to be specified) maintained by the employer as per the provisions of the …………………………………….Act. (Name of Act/Rules to be specified).

Also certified that I am the authorized person to inspect the Registers kept by the Employer as per the provisions of the Act/Rules of the …......................................... State/Central Government.

| | | |
|---|---|---|
| ***Place*** | ***Signature with date*** | |
| ***Date:*** | ***Name of the Countersigning Officer*** | |
| | ***Designation and Name of Office who is the notified Enforcement Officer as per the Act and Rules.*** | |

(Office Seal)

*(The Experience Certificate and Certificate of countersigning authority should be in a single page.)*

***Note:*** The veracity of the Experience Certificate will be subjected to scrutiny and action will be taken against those who issue or produce bogus certificate.

1. *Please specify the post held or nature of assignment (Casual Labourer /Paid/ unpaid Apprentice/ Regular Worker or Temporary Worker).*
2. *The Experience Certificate should be countersigned by an Authorised Officer of the State/Central Government.*
3. *The Experience should be acquired after obtaining the academic or other basic Qualifications.*
4. *For further details regarding experience, please see Para 20 Part II of the General Conditions.*

**DECLARATION FOR THOSE WHO COULDN'T OBTAIN THE EXPERIENCE CERTIFICATE**

Sri. (here enter name and address of the candidate) …......................................................................certify that I have worked/have been working /is working in.................................................................(here enter name of institution/ company/corporation/Govt.Department/Co-operative Institution etc)as ….....................(here enter the name of post holding or held and the nature of assignment ie Regular worker/Temporary worker /paid Apprentice/Trainee/Casual Labourer etc) (strike off whichever is not applicable)on Rs...............per day /per mensum for a period of …..........years....... months ......days from........to.........I will produce the prescribed experience certificate as and when called for by the Commission.

Place:

*Date :* *Signature of candidate*

**(e) Physical Standards:**

Height : Must not be less than 168 cms.

Chest : Minimum of 81 cms round the chest and must have an expansion of Minimum 5 cms

*Note: - Minimum height measurement of Scheduled Caste and Scheduled Tribe candidates shall be 160 cm. But no relaxation in chest expansion of 5 cm shall be allowed for Scheduled Caste and Scheduled Tribe candidates.*

**(f) Physical Efficiency Test:**

All candidates must qualify in any of the **Five** events out of the **Eight** events specified below of the National Physical Efficiency one star standard test for men.

| Sl. No. | Events | One Star Standards |
|---|---|---|
| 1. | 100 Meters Run | 14 Seconds |
| 2. | High Jump | 132.2 cm |
| 3. | Long Jump | 457.2 cm |
| 4. | Putting the Shot (7264 grams) | 609.6 cm |
| 5. | Throwing the cricket ball | 6096 cm |
| 6. | Rope Climbing(only with hands) | 365.8 cm |
| 7. | Pull Ups or chinning | 8 times |
| 8. | 1500 Meter Run | 5 minutes and 44 Seconds |

***Note:***

| | |
|---|---|
| *(1)* | *The Physical measurement of the candidates will be taken before Physical Efficiency Test and those who do not possess the prescribed physical measurement will not be considered for further selection process.* ***Candidates who sustain any injuries or accidents while participating in the Physical Efficiency Test will not be given another chance to participate in the Physical Efficiency Test.*** |
| *(2)* | ***The tentative schedule for Physical Measurement and Physical Efficiency test*** *will be published in the official website of Kerala Public Service Commission.* |

**(g) Medical Standards:-**

All candidates must possess medical standards prescribed below.

i.**Ear:** Hearing should be perfect.

ii.**Eye**: Must be certified to possess visual standards specified below without glasses.

| | **Right Eye** | **Left Eye** |
|---|---|---|
| Distant Vision | 6/6 Snellen | 6/6 Snellen |
| Near Vision | 0.5 Snellen | 0.5 Snellen |
| Colour Vision | Normal | |
| Night Blindness | Nil | |

(iii) **Muscles and joints**: No paralysis and all joints with free movements.

(iv**)** **Nervous System**: Perfectly normal and free from any infectious diseases.

*Note: Each eye must have a full field of vision. Colour blindness, squint or any morbid conditions of the Eye or lids of either eye will be deemed to be a disqualification.*

Candidates should produce a Medical Certificate in original in the form prescribed hereunder certifying to their physical fitness and eye sight without glasses at the time of Physical Efficiency Test/Practical Test. Medical Certificate has two parts. Part A should be obtained from an Ophthalmologist in Govt service and Part B should be obtained from a Medical Officer under the Government not below the rank of an Assistant Surgeon/Junior Consultant. This Medical Certificate shall be uploaded in the profile of the candidate and the original shall be produced at the time of certificate verification.

**FORM OF MEDICAL CERTIFICATE**

**PART A – STANDARD OF VISION**

**(To be filled by an Ophthalmologist in Government Service)**

7. Is there any defect of vision?
   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.

8. Can the applicant readily distinguish the pigmentary colours red and green?

9. Does the applicant suffer from any night blindness?

I have this day, medically examined Sri............................................................................ …................................................................................................................................... (Name and address) and found that he has no defect of vision which would render him unsuitable for the post of Forest Boat Driver and his standards of vision are as follows.

**Standards of vision**
**(Eye sight without glasses)**

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | ……………… Snellen | ……………… Snellen |
| 2) | Near Vision | ……………… Snellen | ……………… Snellen |
| 3) | Field of Vision | ………………………………… | |

(Specify whether full or not. Entry 'Normal', 'Good', 'Average' etc. will be inappropriate)

4) Colour Vision …………………………………

5) Squint

6) Any morbid conditions of the years or lids of either eye ……………………………

His standards of vision are fit for the post of Forest Boat Driver in Kerala Forest and Wildlife Department.

I certify to the best of my knowledge and belief that the applicant Sri……........……………….. …................... is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

PHOTO OF THE CANDIDATE

Place: Signature
Date: Name & Designation of Medical Officer

*Office Seal*

**PART B - PHYSICAL FITNESS FOR THE POST OF FOREST BOAT DRIVER**

***(To be filled up by a Medical Officer not below the rank of an Assistant Surgeon/Junior Consultant)***

1. What is the applicant's apparent age ?
2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to effect his efficiency ?
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Boat Driver ?
4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals ? Is his hearing perfect ?
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a Boat driver ?
6. State of Muscles and Joints (No paralysis and all joints with free movements)
7. State of Nervous System (Perfectly normal and free from any infectious diseases)
8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks ?
9. Marks of Identification 1) ………………………………………………………

   2) ………………………………………………………

He is physically fit for the post of Forest Boat Driver in the Kerala Forest and Wildlife Department.
I certify to the best of my knowledge and belief that the applicant Shri.................................................... is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph leaving the face clear).

| |
|---|
| Photo of the candidate |

Signature:

*Name :*

*Place:* *Designation of Medical Officer*

*Date:*

*(Office Seal)*

*Note: Details regarding standards of vision should be clearly stated in the Certificate as given above and vague statement such as Vision `Normal', 'Average', 'Good' etc will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the officers issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.*

8. Forest Boat Drivers appointed by direct recruitment shall undergo training for not more than three months in any of the Forest Training School as prescribed by the Principal Chief Conservator of Forest. Forest Boat Drivers who does not successfully complete the training course as prescribed will be terminated and will be discharged from service.

9. **Mode of submitting applications:-**

   a) Candidates shall register as per ONE TIME REGISTRATION system on the Official Website of Kerala Public Service Commission 'www.keralapsc.gov.in' for applying for the post. Candidates who have registered shall apply by logging on to their profile using their User-ID and Password.

Candidates shall click on the 'Apply Now' button of the respective posts in the Notification Link for applying for a post. Candidates who are creating new profile must upload photograph which is taken within six months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Candidates must ensure correctness of the information in their profile before the final submission of the application. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application. Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification , experience , community, age etc., have to be produced as and when called for.

b) If Written Test/OMR Test/Online Test is conducted as a part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

10. **Last date of submission of applications** : **04.11.2026** Wednesday upto 12 midnight.

11. **Special Instructions to Candidates:**

(i) Candidates who receive a profile message at any stage of the selection process directing them to upload documents to prove their qualifications and other claims should do so within the stipulated time;Otherwise, they will not be considered for the next stage of the selection.

(ii) In the case of difference in Caste/Community claimed in the application and that entered in SSLC Book, the candidate shall produce a gazette notification in this regard, along with Non-creamy layer/ community certificate at the time of certificate verification.

(iii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

(iv) Appropriate disciplinary actions as per rule 22 of the Kerala Public Service Commission Rules of procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above. (For details regarding photo, ID card etc refer the general conditions given in part II of the gazette notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## ജനറൽ റിക്രൂട്ട്മെന്റ് – ജില്ലാതലം
## കാറ്റഗറി നമ്പർ : 153/2026

കേരള സർക്കാർ സർവീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ ആയത് തിരിച്ചറിയൽ രേഖയായി പ്രൊഫൈലിൽ ചേർക്കേണ്ടതാണ്

**പാർട്ട് I – നേരിട്ടുള്ള നിയമനം**

1. **വകുപ്പ്** : **വനം-വന്യജീവി**
2. **തസ്തികയുടെ പേര്** : **ഫോറസ്റ്റ് ബോട്ട് ഡ്രൈവർ**
3. **ശമ്പളം** : **₹ 26,500-60,700/-**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തൃശ്ശൂർ | 02 (രണ്ട്) |
| കോഴിക്കോട് | 01 (ഒന്ന്) |

**കുറിപ്പ്:**

(i) വനിതാ ഉദ്യോഗാർത്ഥികളും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ അർഹരല്ല.

(ii) ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ എന്നിവ 20.09.2014 ലെ G.O(P)No. 84/2014/F & WLD (SRO No.574/2014), G.O(P)No. 2/2016/F & WLD dated 17.02.2016 (SRO No. 199/2016), 27.02.2026 തീയതിയിലെ GO (MS) No.08/2026/P&ARD എന്നിവ പ്രകാരമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(iii) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുകയില്ല. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തുന്നതാണ്.

(iv) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ ഒന്നിലധികം ജില്ലകളിലേക്ക് അപേക്ഷ അയക്കാൻ പാടുള്ളതല്ല. ഈ വിജ്ഞാപന പ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971- ലെ GO(Ms)No.154/71/PD യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ GO(Ms)No.4/61/PD-യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇതേ ഉദ്യോഗത്തിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) എൻ.സി.സി യുടെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം '2%', '3%', '5%' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതായിരിക്കും.

(vi) 01.03.2025 തീയതിയിലെ G.O.(MS) No.06/2025/P&ARD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾ വെയിറ്റേജ് മാർക്കിന് അർഹരാണ്.

(vii) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.

5. **നിയമനരീതി** : **നേരിട്ടുള്ള നിയമനം (ജില്ലാതലം)**

കുറിപ്പ് : നേരിട്ടുള്ള നിയമനത്തിനായി 70% ഒഴിവുകളും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി 30% ഒഴിവുകളും നീക്കി വച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ഒഴിവുകളുടെ ശതമാനം കണക്കാക്കി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതാണ്.

**6.** **പ്രായപരിധി** : **25–40;** ഉദ്യോഗാർത്ഥികൾ 02.01.1986 നും 01.01.2001–നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം

കുറിപ്പ്:

(i) മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളവർക്കും ഉയർന്ന പ്രായപരിധിയിൽ പൊതു വ്യവസ്ഥകളിലെ പാർട്ട് II ലെ ഖണ്ഡിക 2(i) പ്രകാരമുള്ള നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

(ii) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II – ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7.** **യോഗ്യതകൾ**

(a) എസ്.എസ്.എൽ.സി അല്ലെങ്കിൽ ഭാരതസർക്കാരോ/ കേരള സർക്കാരോ അംഗീകരിച്ച തത്തുല്യ പരീക്ഷ ജയിച്ചിരിക്കണം.

കുറിപ്പ് :

i) KS & SSR Part II Rule 10(a)(ii) ബാധകമാണ്.

ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതകൾക്കുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(b) മോട്ടോർ ബോട്ട് ഓടിക്കുന്നതിനുള്ള അംഗീകൃത മോട്ടോർ ഡ്രൈവിംഗ് ലൈസൻസും ബോട്ട് ഡ്രൈവർ എന്ന നിലയിൽ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും

കുറിപ്പ്:

(i) മോട്ടോർ ബോട്ട് ഡ്രൈവിംഗ് ലൈസൻസ്, തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും (അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ പരീക്ഷ, കായികക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ, നീന്തൽ പരീക്ഷ എന്നിവ) സാധുവായിരിക്കണം.

(ii) മോട്ടോർ ബോട്ട് ഡ്രൈവർ ആയുള്ള മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം തെളിയിക്കുന്നതിന് താഴെപ്പറയുന്ന മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(c) മോട്ടോർ ബോട്ടിന്റെ എൻജിൻ ഘടനയുമായി ബന്ധപ്പെട്ട അടിസ്ഥാന അറിവും, ചെറിയ തകരാറുകൾ പരിഹരിക്കാനുള്ള കഴിവും.

കുറിപ്പ്: ബോട്ട് ഡ്രൈവർ എന്ന നിലയിലുള്ള നൈപുണ്യവും മോട്ടോർ ബോട്ട് എൻജിൻ ഘടനയുമായി ബന്ധപ്പെട്ട അടിസ്ഥാന അറിവും, ചെറിയ തകരാറുകൾ പരിഹരിക്കാനുള്ള കഴിവും പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ പരിശോധിക്കുന്നതാണ്.

(d) നീന്തലിൽ പ്രാവീണ്യമുണ്ടായിരിക്കണം.

കുറിപ്പ്: നീന്തലിലുള്ള പ്രാവീണ്യം, നീന്തൽ പരീക്ഷയിലൂടെ താഴെപ്പറയുന്ന രീതിയിൽ പരിശോധിക്കുന്നതായിരിക്കും.

(I) രണ്ട് മിനിറ്റിനുള്ളിൽ 50 മീറ്റർ നീന്തി പൂർത്തിയാക്കണം.

(ii) നീന്തൽക്കുളത്തിന്റെ ആഴം കൂടിയ ഭാഗത്ത് 2 (രണ്ട്) മിനിറ്റ് വെള്ളത്തിൽ പൊങ്ങിക്കിടക്കാനുള്ള കഴിവ്.

ഉദ്യോഗാർത്ഥികൾ മേൽ സൂചിപ്പിച്ച രണ്ട് ഇനങ്ങളും വിജയിച്ചാൽ മാത്രമേ നീന്തൽ പരീക്ഷയിൽ വിജയിച്ചതായി കണക്കാക്കുകയുള്ളൂ.

## <u>പരിചയ സർട്ടിഫിക്കറ്റ്</u>

സ്ഥാപനത്തിന്റെ (കമ്പനി, കോർപറേഷൻ, സർക്കാർ വകുപ്പ്, സഹകരണസ്ഥാപനം മുതലായവ) പേര് :

രജിസ്റ്റർ നമ്പർ (എസ്.എസ് ഐ രജിസ്ട്രേഷൻ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും) :

രജിസ്റ്റർ ചെയ്ത തീയതി :

രജിസ്റ്റർ ചെയ്യപ്പെട്ട ഓഫീസ് :

## പരിചയ സർട്ടിഫിക്കറ്റ്

ശ്രീ.............................................................................................................................................................................

............................................................................................................................................................................................

(ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ബോട്ട് ഡ്രൈവർ തസ്തികയിൽ സ്ഥിരമായി/ താൽക്കാലികമായി/ പെയ്ഡ്/അൺപെയ്ഡ് അപ്രന്റീസ്/ കാഷ്വൽ ലേബറർ ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക) ..........................രൂപ മാസശമ്പളത്തിൽ/ദിവസ ശമ്പളത്തിൽ ........./........./......... മുതൽ ........./........./......... (തീയതികൾ DD /MM /YYYY എന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്) വരെയുള്ള .................... വർഷം ................................. മാസം ...................... ദിവസം ജോലി നോക്കിയിട്ടുണ്ട്/ ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ ഒപ്പ്.........................

സ്ഥലം: പേര് ..................................................

ഔദ്യോഗിക പദവി .......................

തീയതി: സ്ഥാപനത്തിന്റെ പേര് .................................

(ഓഫീസ് സീൽ)

## സാക്ഷ്യപത്രം

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ..................................................................................., ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ............................................ (തസ്തികയുടെ പേരും, ജോലിയുടെ സ്വഭാവവും) ആയി ജോലി ചെയ്തിരുന്നു/ചെയ്യുന്നുവെന്ന് ............................................................................ എന്ന ചട്ടത്തിൽ/നിയമത്തിൽ (ചട്ടം/നിയമത്തിന്റെ പേര് രേഖപ്പെടുത്തുക) വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപനമുടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട ........................................................... രജിസ്റ്ററിലെ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തുന്നു.

കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ................................................................................................ ചട്ട/നിയമപ്രകാരം തൊഴിലുടമസ്ഥൻ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ വ്യക്തിയാണ് ഞാൻ എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതിയോടുകൂടിയ ഒപ്പ്...................................

സ്ഥലം: മേലൊപ്പ് വയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര് ...............................

തീയതി: നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് എൻഫോഴ്സ്മെന്റ് ഓഫീസറായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്റെ പേരും പദവിയും ...............

(ഓഫീസ് സീൽ)

(പരിചയ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റുകളും ഒറ്റ പേജിൽ തന്നെ ഉൾക്കൊള്ളിക്കേണ്ടതാണ്)

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും, വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടെയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ് .

1. പ്രവൃത്തി പരിചയം നേടിയ തസ്തിക അല്ലെങ്കിൽ ചെയ്തിരുന്ന ജോലിയുടെ സ്വഭാവം വ്യക്തമാക്കേണ്ടതാണ്. *(കാഷ്വൽ ലേബറർ/പെയ്ഡ്/ അൺപെയ്ഡ് അപ്രന്റീസ്/റെഗുലർ വർക്കർ/ടെമ്പററി വർക്കർ)*
2. പരിചയ സർട്ടിഫിക്കറ്റ് സംസ്ഥാന/ കേന്ദ്ര ഗവണ്മെന്റിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3. അക്കാദമിക് അല്ലെങ്കിൽ മറ്റ് അടിസ്ഥാന യോഗ്യത നേടിയതിനു ശേഷം ആയിരിക്കണം തൊഴിൽ പരിചയം നേടിയിരിക്കേണ്ടത്.
4. തൊഴിൽ പരിചയം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ ഖണ്ഡിക 20 കാണുക.

## പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവർക്കുള്ള സത്യവാങ്മൂലം

ശ്രീ...................................................................................................... (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) എന്ന ഞാൻ ................................................................സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്, കമ്പനി, കോർപ്പറേഷൻ, സർക്കാർ വകുപ്പ്, സഹകരണ സ്ഥാപനം മുതലായവ) ................................തസ്തികയിൽ സ്ഥിരമായി/താൽ ക്കാലികമായി/അപ്രന്റീസ്/ട്രെയിനി/കാഷ്വൽ ലേബറർ ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക) ..................രൂപ മാസശമ്പളത്തിൽ / ദിവസശമ്പളത്തിൽ ......./....../....... മുതൽ ....../......../....... വരെയുള്ള -------വർഷം .......മാസം ......ദിവസം ജോലി നോക്കിയിട്ടുണ്ട് / ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നിശ്ചിത മാതൃകയിൽ ഉള്ള പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്

സ്ഥലം *:* ഉദ്യോഗാർത്ഥിയുടെ ഒപ്പ്

തീയതി *:*

(e) <u>ശാരീരിക യോഗ്യതകൾ:-</u>

ഉയരം – 168 സെ.മീ. ൽ കുറവായിരിക്കരുത്.

നെഞ്ചളവ് – നെഞ്ചളവ് കുറഞ്ഞത് 81 സെ.മീ ഉം പൂർണ്ണമായും ശ്വാസം ഉള്ളിലേക്കെടുക്കുമ്പോൾ കുറഞ്ഞത് 5 സെ. മീ വികാസവും ഉണ്ടായിരിക്കണം.

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് ***160*** സെ.മീ ഉയരം മതിയാകുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ വിഭാഗം ഉദ്യോഗാർത്ഥികൾക്കും നെഞ്ചളവിൽ കുറഞ്ഞത് ***5*** സെ.മീ വികാസം എന്ന നിബന്ധന ബാധകമാകുന്നതാണ്.

(f) <u>കായികക്ഷമതാ പരീക്ഷ:-</u>

എല്ലാ ഉദ്യോഗാർത്ഥികളും നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള **8** ഇനങ്ങളിൽ ഏതെങ്കിലും **5** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.2 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.2 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.6 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.8 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിട്ടും 44 സെക്കന്റും |

**കുറിപ്പ്:-**

(1) ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി ശാരീരിക അളവെടുപ്പ് നടത്തുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ തുടർ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളിൽ പങ്കെടുപ്പിക്കുന്നതല്ല. **കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.**

(2) ഈ തസ്തികയുടെ ശാരീരിക അളവെടുപ്പ്, കായിക ക്ഷമത പരീക്ഷ എന്നിവ സംബന്ധിച്ച താത്ക്കാലിക തീയതി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

(g) <u>മെഡിക്കൽ നിലവാരം:-</u>

എല്ലാ ഉദ്യോഗാർത്ഥികൾക്കും താഴെപ്പറയുന്ന പ്രകാരമുള്ള മെഡിക്കൽ നിലവാരം ഉണ്ടായിരിക്കണം

(i) **ചെവി:** നല്ല കേൾവി ശക്തി ഉണ്ടായിരിക്കണം.

(ii) **കണ്ണ്:** കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ച ശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തണം.

| | | <u>വലതുകണ്ണ്</u> | <u>ഇടതുകണ്ണ്</u> |
|---|---|---|---|
| (എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| (സി | കളർ വിഷൻ | സാധാരണ | |
| (ഡി) | നിശാന്ധത | ഇല്ലാതിരിക്കണം | |

(iii) <u>പേശികളും സന്ധികളും :</u> തളർവാതം ബാധിക്കാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

(iv) <u>നാഡീവ്യൂഹം</u> : പൂർണ്ണ ക്ഷമതയുള്ളതും പകർച്ച വ്യാധികളിൽ നിന്നും വിമുക്തമായതും ആയിരിക്കണം.

**കുറിപ്പ്:** *ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.*

ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ/പ്രായോഗിക പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന് രണ്ട് ഭാഗങ്ങൾ ഉണ്ട്. പാർട്ട് 'എ' സർക്കാർ സർവ്വീസിലുള്ള ഒരു ഒഫ്ത്താൽമോളജിസ്റ്റിൽ നിന്നും പാർട്ട് 'ബി' സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങേണ്ടതാണ്. ആയത് അവരുടെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടതും അസ്സൽ പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതുമാണ്.

**FORM OF MEDICAL CERTIFICATE**

**PART A – STANDARD OF VISION**

**(To be filled by an Ophthalmologist in Government Service)**

(a) Is there any defect of vision?

If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.

(b) Can the applicant readily distinguish the pigmentary colours red and green?

(c) Does the applicant suffer from any night blindness?

I have this day, medically examined Sri............................................................ ......................................(Name and address) and found that he has no defect of vision which would render him unsuitable for the post of Forest Boat Driver and his standards of vision are as follows.

**Standards of vision**

**(Eye sight without glasses)**

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | ……………… Snellen | ……………… Snellen |
| 2) | Near Vision | ……………… Snellen | ……………… Snellen |
| 3) | Field of Vision | ………………………………… | |
| | (Specify whether full or not. Entry 'Normal', 'Good',' Average' etc. will be inappropriate) | | |
| 4) | Colour Vision | ………………………………… | |
| 5) | Squint | ................................................... | |
| 6) | Any morbid conditions of the eyes or lids of either eye …………………………… | | |

His standards of vision are fit for the post of Forest Boat Driver in Kerala Forest and Wildlife Department.

I certify to the best of my knowledge and belief that the applicant Sri……………………............................................................................................................................................... is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear

PHOTO OF THE CANDIDATE

Place: Signature

Date: Name & Designation of Medical Officer

Office Seal

**<u>PART B – PHYSICAL FITNESS FOR THE POST OF FOREST BOAT DRIVER</u>**

***(To be filled up by a Medical Officer not below the rank of an Assistant Surgeon/Junior Consultant)***

1. What is the applicant's apparent age ?
2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to effect his efficiency ?
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Boat Driver ?
4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals ? Is his hearing perfect ?
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a Boat Driver ?
6. State of Muscles and Joints (No paralysis and all joints with free movements)
7. State of Nervous System (Perfectly normal and free from any infectious diseases)
8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks ?
9. Marks of Identification 1) ...........................................................

   2)...........................................................

He is physically fit for the post of Forest Boat Driver in Kerala Forest and Wildlife Department.

I certify to the best of my knowledge and belief that the applicant Shri................................. is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph leaving the face clear).

| Photo of the candidate |
|---|

Signature:

Name :

Place: Designation of Medical Officer

Date:

(Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ', 'ആവറേജ്', 'ഗുഡ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8.** നേരിട്ടുള്ള നിയമനം മുഖേന ഫോറസ്റ്റ് ബോട്ട് ഡ്രൈവറായി നിയമിതരാകുന്നവർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നിർദ്ദേശിക്കുന്ന ഏതെങ്കിലും ഒരു ഫോറസ്റ്റ് ട്രെയിനിങ് സ്കൂളിൽ മൂന്ന് മാസത്തിൽ കുടാത്ത പരിശീലനത്തിൽ ഏർപ്പെടേണ്ടതാണ്. അപ്രകാരം പരിശീലനം വിജയകരമായി പൂർത്തിയാക്കാത്തവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

**9. അപേക്ഷ സമർപ്പിക്കുന്ന രീതി:**

a) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത

ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച് കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

b) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും നൽകുന്നതാണ്.

10. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **04.11.2026** ബുധനാഴ്ച രാത്രി 12 മണി വരെ.

11. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യതയോ, മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ് ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്നപക്ഷം അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ അവ അപ് ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം രേഖകൾ അപ് ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന്റെ തുടർഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

(ii) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലയർ/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതിമാറ്റം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(iii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iv) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷനു അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, പിരിച്ചു വിടുകയോ അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ക്രിമിനൽ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്. (ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക).

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ